നടത്തിയുള്ളൂ. ജലവിതരണത്തിന് വാട്ടർ അതോറിറ്റിക്ക് കിലോ ലിറ്ററിന് 6.50 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ 1-6-1994 ലെ നിരക്ക് അനുസരിച്ച് 2.50 രൂപ മാത്രമേ ഉപഭോക്തക്കളിൽ നിന്നും കിട്ടുന്നുള്ളൂ. നോൺപ്ലാൻ ഗ്രാന്റ്, വാട്ടർചാർജിനത്തിൽ കിട്ടുന്ന വരുമാനം എന്നിവ കണക്കിലെടുത്താൽ തന്നെയും പ്രതിവർഷം 25 കോടിയിലധികം രൂപ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റി പദ്ധതിയേതര കാര്യങ്ങൾക്ക് ചെലവഴിക്കേണ്ടി വരുന്നു. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്താണ് 1-4-999 മുതൽ നിരക്ക് വർദ്ധന ഏർപ്പെടുത്തിയത്.

(സി) ഉണ്ട്.

(ഡി) വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്ന വിവരം ബന്ധപ്പെട്ട വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസുകളിൽ പരസ്യപ്പെടുത്താറുണ്ട്. അതിനുപുറമേ ഉപഭോക്താക്കൾക്ക് നൽകുന്ന താൽക്കാലിക ഇൻവോയ്സ് കാർഡിൽ നിരക്ക് വ്യത്യാസം രേഖപ്പെടുത്തി നൽകാറുമുണ്ട്. വിവിധ വാർത്താ മാദ്ധ്യമങ്ങളിലൂടെയും നിരക്ക് വർദ്ധന ഉപഭോക്താക്കളെ അറിയിക്കാറുണ്ട്.

കടൽഭിത്തി നിർമ്മാണം

21(924) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോ മീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; ഇതിനുവേണ്ടി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) നിലവിലുള്ള കടൽഭിത്തികളുടെ പുനഃനിർമ്മാണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കടലാക്രമണം തടയുന്നതിനായി ഇതുവരെ എത്ര കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട് ; ഇനി എത്ര കിലോമീറ്റർ കടൽഭിത്തികൂടി ആവശ്യമാണ് ; ഇതിനായി എന്ത് തുക വേണ്ടിവരും ;

(ഇ) ഈ തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 16.18 കിലോമീറ്റർ.

(ബി) തിരുവനന്തപുരം ജില്ലയിൽ കൊല്ലംകോട് മുതൽ പൂവാർ വരെയും, കൊല്ലം ജില്ലയിൽ പരവൂരിലും, ആലപ്പുഴ ജില്ലയിൽ വണ്ടാനത്തും തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, ചാവക്കാട്, പെരിങ്ങ്ചുനം, വാടാനപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly

എന്നീ പ്രദേശങ്ങളിലും മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി പഞ്ചായത്തിൽ അരിയല്ലൂർ ബീച്ച്, തെക്കേക്കടപ്പുറം, പൊന്നാനിയിൽ വെളിയംകോട് ബീച്ച്, ഭാരതപ്പുഴയുടെ നദീമുഖം എന്നിവിടങ്ങളിലും, കോഴിക്കോട് ജില്ലയിൽ വെള്ളയിൽ കടപ്പുറം, മൂടാടി, കാപ്പാട് കടപ്പുറം, ഏലത്തൂർ മുനമ്പിന് വടക്കുംഭാഗം, ചോമ്പാല കടപ്പുറം എന്നീ പ്രദേശങ്ങളിലും, കണ്ണൂർ ജില്ലയിൽ കീഴത കടപ്പുറത്തും, കാസർഗോഡ് ജില്ലയിൽ ചേരങ്കൈ കടപ്പുറത്തും, കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കടൽഭിത്തി നിർമ്മാണത്തിന് 2684.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള കടൽഭിത്തിയുടെ പുനർനിർമ്മാണം നടത്തിയ പ്രദേശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	പനത്തുറക്കര, പെരുമാതുറ, പുന്തുറ, വലിയതുറ, ചെറിയ തുറ, ബീമാപ്പള്ളി, ആലിറക്കം, വർക്കല, കാപ്പിൽ.
കൊല്ലം	:	കായംകുളം പൊഴിക്ക് വടക്ക് വലിയതിക്കൽ, ചവറ, വെള്ളാനത്തുരുത്ത്, താന്നി.
ആലപ്പുഴ	:	ആലപ്പുഴ ബീച്ച്, വാടയ്ക്കൽ, അന്ധകാരൻഅഴി, പള്ളിത്തോട്.
എറണാകുളം	:	വൈപ്പിൻ ദ്വീപിൽ മുനമ്പം, പള്ളിപ്പുറം ചെറിയ, അറയ്ക്കൽ, ഇളംകുന്നപ്പുഴ, നായരമ്പലം, എടവനക്കാട് പ്രദേശങ്ങളും, ചെല്ലാനം ദ്വീപിൽ കണ്ണമാലി, സൗദി, കണ്ടേക്കാട്, ഗുണ്ടുപറമ്പ്, മാനാശ്ശേരി, ഗണപതിക്കാട്, മറുപക്കാട്, വേളാങ്കണ്ണി, സി.എം.എസ്. കാട്ടിപ്പറമ്പ്, തെക്കേ ചെല്ലാനം എന്നീ പ്രദേശങ്ങളും.
തൃശ്ശൂർ	:	കൊടുങ്ങല്ലൂർ, ചാവക്കാട്, കൈപ്പമംഗലം, ചേറ്റുവായ് അഴി, പെരിങ്ങനം.
മലപ്പുറം	:	പരപ്പനങ്ങാടി, പൊന്നാനി
കോഴിക്കോട്	:	കോഴിക്കോട്, കൊയിലാണ്ടി, വടകര.
കണ്ണൂർ	:	കണ്ണൂർ പി. ഡബ്ലിയു.ഡി. ആഫീസിന് തെക്കു വശം ചോയ്സ് ഹോട്ടലിന് പുറകുവശം, ബേബി ബീച്ചിന് വടക്ക്, മാട്ടൂർ പ്രദേശങ്ങൾ.
കാസർഗോഡ്	:	ബേക്കൽ ഫോർട്ടിന് സമീപം അജാന്നൂർ കടപ്പുറം.

ഈ പുനർനിർമ്മാണപ്രവർത്തനങ്ങൾക്കായി 2096.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടലാക്രമണം തടയുന്നതിനായി ഇതുവരെ 360.78 കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന കടൽഭിത്തി നിർമ്മാണം ഒഴിച്ച് ഇനി 86.00 കിലോമീറ്റർ ദൂരം കടൽഭിത്തികൂടി നിർമ്മിക്കാനുണ്ട്. ഇതിലേയ്ക്കായി 140.00 കോടി രൂപ ചെലവ് വരും.

(ഇ) 1996 ജനുവരി മാസത്തിൽ 126.288 കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മാണത്തിനും 99.958 കിലോമീറ്റർ നീളത്തിൽ പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനുമായി 346.50 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ അവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുതുക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനുസരിച്ച് 1999 വർഷംവരെ നിർമ്മിച്ച കടൽഭിത്തിയുടെ നീളം കഴിച്ച് ബാക്കി നിർമ്മിക്കുവാനുള്ള 86 കിലോമീറ്റർ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും, 37 കിലോമീറ്റർ ദൂരം പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനും നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കുമായി 304 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രസഹായം ലഭിക്കുന്നതിനായി 01-10-1999-ൽ സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരവും, കേന്ദ്രസഹായവും ലഭ്യമാകുന്ന മുറയ്ക്ക് ഈ 86 കിലോമീറ്റർ ദൂരം കടൽഭിത്തിയും നിർമ്മിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീകാര്യം, ഉള്ളൂർ ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം

22(925) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസാന്ദ്രതയേറിയതും കഴക്കൂട്ടം, തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലങ്ങളിൽപ്പെട്ടതും ശ്രീകാര്യം, ഉള്ളൂർ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതുമായ ചെക്കാലമുക്ക്, കരിയം, പൗഡിക്കോണം പ്രദേശങ്ങളിൽ ഇപ്പോൾ ആഴ്ചയിൽ രണ്ട് ദിവസം മാത്രം കുടിവെള്ളം ലഭിക്കുന്നതിനാൽ നാട്ടുകാർ അനുഭവിക്കുന്ന ക്ലേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ശ്രീകാര്യം ലയോള കോളേജിന് സമീപമുള്ള ജലസംഭരണിയിൽ നിന്നും പ്രസ്തുത പ്രദേശങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്തുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലയോള സ്കൂൾ കാംപസിലെ ജലസംഭരണിയിൽ നിന്നോ, മൺവിളയിൽ പണി പൂർത്തിയായി വരുന്ന ജലസംഭരണിയിൽ നിന്നോ എല്ലാ ദിവസവും ശുദ്ധജലവിതരണം നടത്തുവാൻ നടപടി എടുത്തുവരുന്നു. ഏപ്രിൽ മാസത്തോടെ ഇത് നടപ്പിലാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly